# ബി.ഇ.എം.പി.എച്ച്.എസ്.എസ്
# തലശ്ശേരി

# അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025-26



# ബി.ഇ.എം.പി.എച്ച്.എസ്.എസ്

## തലശ്ശേരി

## അക്കാദമിക് മാസ്റ്റർ പ്ലാൻ

**2025-2026**

# ആമുഖം

**പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാണ്.**

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായ പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും. എല്ലാ പൊതുവിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയൊരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതുവഴി വിദ്യാലയത്തിലെ കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാകും. പൊതുസമൂഹത്തിന്റെ പിന്തുണകൊണ്ട് വരും വർഷങ്ങളിലും വിദ്യാലയ മികവ് തുടർന്ന് കൊണ്ടേയിരിക്കാനുള്ള പരിശ്രമത്തിലാണ് ബി.ഇ.എം.പി.എച്ച് .എസ്. അതിന് കരുത്തു പകരാൻ ഏറെ സഹായകമായ രീതിയിൽ ആണ് അക്കാദമിക മാസ്റ്റർ പ്ലാൻ ഒരുക്കിയിട്ടുണ്ട്.

............................

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | ബി. ഇ. എം. പി. എച്ച്. എസ്. എസ്, തലശ്ശേരി |
| മേൽവിലാസം | : | തലശ്ശേരി |
| | | തലശ്ശേരി പി. ഒ 670101 |
| | | കണ്ണൂർ ജില്ല |
| ഫോൺ | | 04902320531 |
| മാനേജ്മെന്റ് | : | സി എസ് ഐ മലബാർ മഹായിടവക , കോഴിക്കോട് |
| ബിഷപ്പ് | : | ഡോക്ടർ റോയ്സ് മനോജ് വിക്ടർ |
| മാനേജർ | : | സുനിൽ പുതിയാട്ടിൽ |
| പ്രിൻസിപ്പൽ | : | ഷാജി അരുൺ കുമാർ |
| പ്രധാനാധ്യാപിക | : | ദീപലില്ലി സ്റ്റാൻലി |
| വിദ്യാഭ്യാസ ഉപജില്ല | : | തലശ്ശേരി സൗത്ത് |
| വിദ്യാഭ്യാസ ജില്ല | : | കണ്ണൂർ |
| റവന്യു ജില്ല | : | കണ്ണൂർ |
| ബി. ആർ. സി | : | തലശ്ശേരി സൗത്ത് |
| മുൻസിപാലിറ്റി | : | തലശ്ശേരി |
| ബ്ലോക്ക് പഞ്ചായത്ത് | : | തലശ്ശേരി |
| ജില്ലാ പഞ്ചായത്ത് | : | കണ്ണൂർ |
| നിയമസഭാ മണ്ഡലം | : | തലശ്ശേരി |
| ലോക സഭാ മണ്ഡലം | : | വടകര |
| താലൂക്ക് | : | തലശ്ശേരി |
| ഇ – മെയിൽ വിലാസം | : | bemphstly@gmail.com |
| സ്കൂൾ വിക്കി | : | ബി. ഇ. എം. പി. എച്ച്. എസ്. എസ്, തലശ്ശേരി |
| ഇൻസ്റ്റ ഗ്രാം | : | bemphss_thalassery |

# സ്കൂൾ ചരിത്രം

മലബാറിൽ ആധുനിക വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ച വിദ്യാലയമാണ് തലശ്ശേരി ബി.ഇ.എം.പി ഹയർസെക്കൻഡറി സ്കൂൾ. സാമൂഹിക സാംസ്കാരിക സാഹിത്യ കായിക മേഖലകളെ ധന്യമാക്കിയ ഈ വിദ്യാഭ്യാസ സ്ഥാപനം ഒന്നര നൂറ്റാണ്ടുമുമ്പ് ജർമ്മൻ സംഘടനയാണ് തലശ്ശേരിക്ക് സമ്മാനിച്ചത്. തലശ്ശേരിയുടെ സാംസ്കാരിക ചരിത്രം ബി.ഇ.എം.പി യുടെതും, ബി.ഇ.എം.പിയുടെ ചരിത്രം തലശ്ശേരിയുടെതുമാണ്.

1856ലാണ് ജർമൻ മിഷനറി, ബാസൽ ജർമൻ ഇവാഞ്ചലിക്കൽ മിഷൻ ഇംഗ്ലീഷ് സ്കൂൾ തലശ്ശേരിയിൽ സ്ഥാപിക്കുന്നത്. സ്കൂളിന്റെ ചുമതല ഗുണ്ടർട്ടിനായി. 74 കുട്ടികളായിരുന്നു ആദ്യം. തദ്ദേശീയരുടെ സഹകരണത്തോടെ മിഷന്റെ പ്രവർത്തനം വിപുലമാക്കി. മറ്റിടങ്ങളിലും ബി.ഇ.എം. വിദ്യാലയങ്ങൾ സ്ഥാപി ച്ചു. കൂടെ പള്ളികളും. ഈ കാലഘട്ടത്തിൽ വ്യാപാരത്തിനായി മൈസൂരിൽ നിന്ന് മല ബാറിലെത്തിയ പാർസി മതത്തിലെ പ്രധാനിയായ കെ.ധാരാഷാ (K.Dharashaw) 1500 രൂപ സ്കൂളിന് സംഭാവന നൽകി (1858-ൽ) ഇതിന്റെ പ്രത്യുപകാരമായി സ്കൂളിന് പാർസി എന്ന പദം കൂടി ചേർത്തതോടെ, ബാസൽ ജർമൻ ഇവാഞ്ചലിക്കൽ മിഷൻ പാർസി സ്കൂളായി. മറ്റിടങ്ങളിലെല്ലാം ബി.ഇ.എം.സ്കൂൾ എന്നു മാത്രമാണുള്ളത് ഒന്നാം ലോക മഹായുദ്ധകാലത്ത് ജർമൻ എന്ന പദം നീക്കം ചെയ്യേണ്ടിവന്നതിനാൽ ബാസൽ ഇവാഞ്ചലിക്കൽ മിഷൻ പാർസി (ബി.ഇ.എം.പി) സ്കൂളായി പുനർനാമകരണം ചെയ്തു.

1871ൽ റവ.സി.മുള്ളർ മാനേജരായ സമയത്ത് ഹൈസ്കൂളായി ഉയർത്തി. പനങ്ങോടൻ രാമനായിരുന്നു ആദ്യ ഹെഡ് മാസ്റ്റർ. 1901ൽ റവ.ജെ.മൗവ് സ്ഥാനമേറ്റെടുത്തപ്പോൾ സ്കൂൾ വീണ്ടും പുരോഗമിച്ചു. 1903-05 കാലത്ത് സ്കൂളിനെ ഇരുനിലക്കെട്ടിടമാക്കി. തലശ്ശേരി നഗരസഭാ ചെയർമാൻ ആർ.മുകുന്ദമല്ലർ അധ്യാപകനായിരിക്കെ സ്കൂൾ ഏറെ പുരോഗതിയിലേക്ക് നീങ്ങി. തലശ്ശേരിയുടെ ഉൾപ്രദേശത്തുനിന്നും മലബാറിലെ മറ്റി ടങ്ങളിൽ നിന്നും വിദ്യാർത്ഥികൾ ഇവിടെയെത്തി. ഇംഗ്ലീഷ് ഭാഷയുടെ വളർച്ച മലയാളികളെ എല്ലാ തല ത്തിലും സ്വാധീനിച്ചു. ഇംഗ്ലീഷ് ഭാഷ പഠനത്തിന്റെ അളവു കോലായി. തെളിമയാർന്ന ഉച്ചാരണവും വ്യക്തവും കൃത്യവു മായ അക്ഷരങ്ങളും നിഗൂഢതകളില്ലാത്ത വ്യാകരണവും കൊണ്ട് ഇംഗ്ലീഷ് ഭാഷ കേരളീയനെ വശീകരിച്ചെങ്കിലും സാധാ രണക്കാരന്റെ വ്യവഹാരത്തിന് അത് മങ്ങലേല്പിച്ചു. എവിടെയും സ്വതന്ത്രമായി ഇടപഴകാൻ കഴിയുന്നില്ലെന്ന സത്യം. മലയാളഭാഷയ്ക്കുവേണ്ടിയുള്ള ഇന്നത്തെ പോരാട്ടത്തിലെത്തിച്ചു.

1914ലെ ഒന്നാം ലോകമഹായുദ്ധത്തോടെ ജർമനിക്കാർ ഇന്ത്യ വിട്ടുപോയപ്പോൾ സ്കൂൾ ഭരണം സൗത്ത് ഇന്ത്യാ യുണൈ റ്റഡ് ചർച്ച് (S.I.U.C) ഏറ്റെടുത്തു. പിന്നീട് സ്കൂൾ കടുത്ത സാമ്പത്തിക പ്രയാസം നേരിട്ടപ്പോൾ നെട്ടൂരിൽ പ്രവർത്തിച്ച ട്രെയിനിങ്ങ് സ്കൂൾ 1993ൽ തലശ്ശേരി ബി.ഇ.എം.പിയോട് ചേർത്തു. പിന്നീട് ദക്ഷിണഭാരത ക്രൈസ്തവസഭ (C.S.I) ഏറ്റെടുത്തു. കേരളരൂപവത്കരണം വരെ മദിരാശി സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ നിയമത്തിൻ കീഴിലായിരുന്നു.

ശ്രീമതി ദീപ ലില്ലി സ്റ്റാൻലി ഹെഡ്മിസ്ട്രസ്സും ശ്രീ ഷാജി അരുൺകുമാർ പ്രിൻസിപ്പാളും ഫാ. സുനിൽ, പുതിയാട്ടിൽ മാനേജറുമായ നേതൃത്വമാണ് ഇന്ന് സ്കൂളിനുള്ളത്

വിശേഷണങ്ങൾ വേണ്ടാത്ത നിരവധി പ്രമുഖർ ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികളും അധ്യാപകരുമായി കെ.കേളപ്പൻ, ഐ.കെ.കുമാരൻ, മൊയാരത്ത്, ശങ്കരൻ, നെട്ട,. പി.ദാമോദരൻ, എ.കെ.ജി.മൂർക്കോത്ത്, കുമാരൻ, പി.ആർ.കുറുപ്പ്, സി.എച്ച് കുഞ്ഞപ്പ, എടത്തട്ട നാരായണൻ, മൂർക്കോത്ത് രാമുണ്ണി, എം, പി.കുമാരൻ, സി.എച്ച് കണാരൻ, പി.ശങ്കുണ്ണി, അഡ്വ.കെ.എം. കെ.നായർ, എ.എൻ.പി.ഉമ്മർകുട്ടി, ഇ.അഹമ്മദ് തുടങ്ങിയ ഒട്ടേറെ പ്രഗല്ഭർ ഈ സ്കൂളിന്റെ ചൈതന്യം കൊണ്ടവരാണ്. ഇന്ത്യൻ സർക്കസ്സിന്റെ പിതാവ് കീലേരി കുഞ്ഞിക്കണ്ണൻ ഈ സ്കൂളിലെ കായികാധ്യാപകനും ചിത്രകാരൻ ടി.അനന്തൻ ചിത്രകലാധ്യാപകനുമായിരുന്നു.

.

## അക്കാഡമിക് മാസ്റ്റർ പ്ലാൻ 2025 -26

## ബി ഇ എം പി എച്ച് എസ് എസ് തലശ്ശേരി

## മലയാളം - ഹൈസ്കൂൾ വിഭാഗം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ബൗധികം | ചുമതല |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ | 1.പ്രീ ടെസ്റ്റ്<br>2.അക്ഷരം ഉറപ്പിക്കാൻ<br>3.അക്ഷര കാർഡ് നൽകി ചേർത്ത വെച്ച് വാക്കുകൾ നിർമാണം<br>4.വക്കിൽ നിന്ന് മറ്റു വാക്കുകൾ കണ്ടെത്തൽ<br>5.ചിഹ്നങ്ങൾ ശരിയാക്കൽ<br>6.വാക്യങ്ങൾ നിർമിക്കാൻ<br>7.പ്രതേക ക്ലാസ് | ജൂൺ മുതൽ സെപ്തംബർ (4 മാസം) | പുസ്തകങ്ങൾ<br>ചിത്രങ്ങൾ<br>പത്രങ്ങൾ | പി ടി എ<br>അധ്യാപകൻ |
| 2 | വായന താല്പര്യം വളർത്തൽ | 1.പത്ര വായന<br>2.ലൈബ്രറി ഒരുക്കൽ<br>3.വായനാനുഭവം പങ്കുവെക്കൽ<br>4.കുറിപ്പ് തയ്യാറാക്കൽ<br>5.പതിപ്പ് നിർമാണം<br>6.വിദ്യാരംഗം പ്രവർത്തനങ്ങൾ<br>7.ഇ വായന | ജൂൺ - ഡിസംബർ (6 മാസം) | ആനുകാലികങ്ങൾ<br>ലൈബ്രറി<br>പത്രങ്ങൾ<br>മാസികകൾ | പി ടി എ<br>അധ്യാപകൻ |
| 3 | എഴുത്തിൽ താല്പര്യം വളർത്തലും സദസിനെ അഭിമുഗീകരിക്കാൻ പ്രാപ്തമാക്കലും | 1.വായന കുറിപ്പ് തയ്യാറാക്കൽ<br>2.ചുമർ പത്രിക<br>3.സർഗാത്മക രചനയിലേർപ്പെടൽ<br>4.അവയുടെ പതിപ്പ് തയ്യാറാക്കൽ<br>5.പ്രസംഗ പരിശീലനം പ്രസംഗങ്ങളുടെ വിഡിയോ,ഓഡിയോ പ്രദർശനം<br>6.പ്രസംഗവതരണ മേദി സജ്ജമാക്കൽ | സെപ്തംബർ ഫെബ്രുവരി (6 മാസം) | ഓഡിയോ<br>വിഡിയോ<br>ലൈബ്രറി പത്രം<br>ആനുകാലികങ്ങൾ | പി ടി എ<br>അധ്യാപകൻ |

# B E M P HSS THALASSERY

## അക്കാഡമിക് മാസ്റ്റർ പ്ലാൻ 2025 -26 [HS]

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| വായന കുട്ടികളിൽ പ്രോത്സാഹിപ്പിക്കുക വായനാശീലം വളർത്തുക നല്ല വായനക്കാരാക്കുക | എല്ലാ ദിവസവും അല്പം ഭാഗം വായിപ്പിക്കുന്നു കഥകൾ കവിതകൾ ചിത്രകഥകൾ എന്നിവ ശേഖരിച്ച് വായന കോർണർ സ്ഥാപിക്കുന്നു | 3 മാസം ജൂൺ ജൂലൈ ആഗസ്റ്റ് | വിദ്യാർത്ഥികൾ ചരിത്ര പുസ്തകങ്ങൾ | അദ്ധ്യാപകൻ പൂർവ്വ വിദ്യാർത്ഥികൾ |
| എഴുത്ത് എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | ഓരോ ക്ലാസിലെയും കയ്യെഴുത്ത് മാഗസിനുകൾ നിർമിക്കുന്നു മികച്ച മാഗസിന് പ്രോത്സാഹന സമ്മാനം കൊടുക്കുന്നു | സെപ്റ്റംബർ മുതൽ ഡിസംബർ വരെ | പേപ്പർ ചാർട്ട് | അദ്ധ്യാപകൻ |
| അറിവിൻ തിളക്കം അറബിയിൽ അറിവ് നേടുക | ഓരോ ദിവസവും അറിവ് എന്ന നിലക്ക് ചോദ്യങ്ങളും ഉത്തരങ്ങളും കുട്ടികൾക്ക് കൊടുക്കുന്നു നിശ്ചിത തീയതികളിൽ ക്വിസ്സ് നടത്തുന്നു | ജൂലൈ മുതൽ എല്ലാ മാസവും | മൊബൈൽ | അദ്ധ്യാപകൻ |

| | | | | |
|---|---|---|---|---|
| പ്രതിഭകളെ കണ്ടെത്തൽ | പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ നടത്തുന്നു അറബി സാഹിത്യോത്സവത്തിൽ പരമാവധി ഇനങ്ങൾ പങ്കെടുക്കുന്നു | | സൗണ്ട് ബോക്സ് | അദ്ധ്യാപകൻ |
| ദിനാചരണങ്ങൾ ദിനാചാരത്തെ കുറിച്ചുള്ള അവബോധം ഉണ്ടാകുന്നു | ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു അനുബന്ധ പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു | | ലാപ്ടോപ്പ് പ്രൊജക്ടർ | അദ്ധ്യാപകൻ |
| ആസ്വാദനം | ഐ ടി സാധ്യതകൻ പരമാവധി പ്രയോജനപ്പെടുത്തി കഥ,കവിത,ആനിമേഷൻ ഫിലിം പ്രദർശിപ്പിക്കുന്നു | ജൂൺ മുതൽ ജനുവരി വരെ | ലാപ്ടോപ്പ് സ്പീക്കർ പ്രൊജക്ടർ | അദ്ധ്യാപകൻ |
| അറബിക് ഫെസ്റ്റ് അറബി ഭാഷയെ അറിയാൻ | സ്കൂൾ സയൻസ് ഫെയറിനോടനുബന്ധിച്ച് അറബിക് പോസ്റ്ററുകളും,ഫിലിം പ്രദർശനവും സംഘടിപ്പിക്കുന്നു | സെപ്തംബർ | ചാട്ട് ലാപ്ടോപ്പ് പ്രൊജക്ടർ | അദ്ധ്യാപകൻ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 -26
# ബി ഇ എം പി എച്ച് എസ് എസ് തലശ്ശേരി
# സംസ്കൃതം യു.പി - എച് എസ് എസ് വിഭാഗം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയള-വ് | പഠനോപ-കരണങ്ങൾ | സാമ്പത്തി-കം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ<br>• അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക<br>• കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക<br>• ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക<br>• എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക<br>• സാഹിത്യാഭിരൂപി വളർത്തുന്ന പ്രവർത്തങ്ങൾ<br>• ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ<br>• ഭാഷാലാബ് | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു<br>• പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• പതിപ്പുകൾ, മാഗസിനുകൾ<br>• രചനാ ശില്പശാലകൾ<br>• സംസ്കൃതദിനാചരണം/അസംബ്ലി<br>• ഒഴിവുസംയങ്ങളിൽ പ്രത്യേക ക്ലാസ്<br>• വായനമൂല, പദപ്പയറ്റ്, പോദ്യോത്തരപയറ്റ്.നിഘണ്ടു നിർമാണം, മാഗസിൻ നിർമാണം ദിനാചരണങ്ങൾ, പോസ്റ്റർ നിർമാണം, കഥ - ഉപന്യാസം രചിക്കൽ & അവതരണം etc....<br>• വിവിധസാഹിത്യശാഖകളെ പരിചയപ്പെടുത്തൽ കഥ, കവിത, സുഭാഷിതങ്ങൾജീവചരിത്രക്കുറിപ്പുകൾ എന്നിവ രചിച്ച്/ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc...<br>• വിവിധ കലാരൂപങ്ങൾ is demonstration | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ<br>വിഡിയോകൾ<br>ചിത്രങ്ങൾ<br>Etc.... | |

**അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 -26**
**ബി ഇ എം പി എച്ച് എസ് എസ് തലശ്ശേരി**
**ഇംഗ്ലീഷ് - ഹൈസ്കൂൾ വിഭാഗം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക/ വിശകലനം** |
|---|---|---|---|---|
| • ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക | • Spoken English Class<br>English Library നവീകരണം<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly | • അവധികാലം/ ശനിയാഴ്ചകൾ | പി.ടി.എ, ടീച്ചേർസ് | പി.ടി.എ, മാനേജ്മെൻറെ |
| • ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുന്നു | • Cinema & Documentary – Profile & Script തയ്യാറാക്കുന്നതിനുവേണ്ടി English Cinema യുടെ ചിലരംഗങ്ങൾ പ്രദർശിപ്പിക്കുന്നു<br>• Role Play ,English Day ആചരണം Seminar ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രഫി തയ്യാറാക്കി ക്ലബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്ക്കാരം നടത്തുന്നു | • ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം<br>• അക്കാദമിക വർഷം | ടീച്ചേർസ്,SRG<br>ഇംഗ്ലീഷ് അദ്ധ്യാപകർ | ഇംഗ്ലീഷ് ക്ലബ് മാനേജ്മെൻറെ<br>പി ടി എ, ഇംഗ്ലീഷ്ക്ലബ് |

# അക്കാദമിക മാസ്റ്റർ പ്ലാൻ - ഹൈസ്കൂൾ - ഹിന്ദി

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1.PRETEST<br>2.അക്ഷരം ഉറപ്പിക്കൽ<br>3.ഹിന്ദി ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>4.വാക്കുനിർമാണം,വാക്യനിർമ്മാണം | JUNE-JULY | ഹിന്ദി അദ്ധ്യാപിക | രക്ഷിതാക്കൾ,പി ടി എ |
| 2. | രാഷ്ട്ര ഭാഷയോടുള്ള അഭിരുചി വർധിപ്പിക്കുന്നു | 1.കഥ വായന കവിത വായനക്ക് അവസരം നൽകുന്നു<br>2 .ക്ലാസ് ലൈബ്രറിയിൽ ഹിന്ദി പുസ്തകങ്ങൾ ഉൾപ്പെടുത്തുന്നു<br>3 .ലൈബ്രറി നവീകരിക്കൽ | AUGUST-SEPTEMBER | ഹിന്ദി അദ്ധ്യാപിക | രക്ഷിതാക്കൾ, പി ടി എ |
| 3 | മികച്ച വായനക്കാരനാക്കുക | 1.ലൈബ്രറി പുസ്തകങ്ങൾ വായിക്കാൻ നൽകുക | OCTOBER-NOVEMBER | ഹിന്ദി അദ്ധ്യാപിക | രക്ഷിതാക്കൾ, പി ടി എ |
| 4. | വിവർത്തകർ,വാർത്ത വായനക്കാർ, ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലിയെ മനസിലാക്കുക | 1 .ഹിന്ദി മാതൃഭാഷ പ്രദേശങ്ങളിലേക്കുള്ള യാത്ര<br>2 .പ്രശസ്ത ഹിന്ദി സാഹിത്യകാരന്മാർ ജേർണലിസ്റ്റുകളുമായുള്ള അഭിമുഖം സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | ഹിന്ദി അദ്ധ്യാപിക | രക്ഷിതാക്കൾ, പി ടി എ |

**അക്കാഡമിക് മാസ്റ്റർ പ്ലാൻ 2025 -26**

**ബി ഇ എം പി എച്ച് എസ് എസ് തലശ്ശേരി**

**സാമൂഹികശാസ്ത്രം ഹൈ സ്കൂൾ വിഭാഗം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക.<br>2) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്ത നത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്ക്കർത്താ ക്കളെ പരിചയപ്പെടുക.<br>3) ഭൂപട വായന കുട്ടിക ളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം, കൈവരിക്കുക.<br>4) കുട്ടികളിൽ ഉന്നത നില വാരം കൈവരിക്കാൻ ഉത കുന്ന പൊതുവിജ്ഞാനം വളർത്തുക. | **സ്റ്റാർട്ട് അപ്പ്:** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീക രിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച്ച വെക്കുന്നു.<br>**ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ**: സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവ യിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു.<br>**പട്ടുപാതയിലൂടെ:** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു; ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, | വർഷം മുഴുവനും<br>അക്കാദമിക വർഷം<br>വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ<br>സാമൂഹ്യശാസ്ത്ര അധ്യാപകർ<br>സാമൂഹ്യശാസ്ത്ര അധ്യാപകർ | പി ടി എ മാനേജ്മെൻറ്<br>സാമൂഹ്യശാസ്ത്ര ക്ലബ് |

| | | | | |
|---|---|---|---|---|
| 5) വ്യത്യസ്ത ഇനം മണ്ണി നെക്കുറിച്ചും, ജലാശയങ്ങ ളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെ ടുക എന്ന ലക്ഷ്യം. | ഗ്ലോബ് എന്നിവ പരിചിത മാക്കുന്നു.<br><br>**മൈ സിനിമ റൂം:** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കു റിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട്സ് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം)<br><br>**ചരിത്ര കൊട്ടാരം:**വിവിധ മേഖലകളെക്കുറിച്ച് കുട്ടിക ളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹര മാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും<br><br>അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ<br><br>സാമൂഹ്യശാസ്ത്ര അധ്യാപകർ | |

**അക്കാഡമിക് മാസ്റ്റർ പ്ലാൻ 2025 -26**
**ബി ഇ എം പി എച്ച് എസ് എസ് തലശ്ശേരി**
**മേഖല അടിസ്ഥാന ശാസ്ത്രം [HS]**

| **നമ്പർ** | **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **പിന്തുണ / സാമ്പത്തികം** |
|---|---|---|---|---|---|
| 1 | പരിസ്ഥിതി ബോധ-വൽക്കര+ണം | *പരിസ്ഥിതി ബോധ വൽക്കരണം പരിസ്ഥിതി ദിനത്തിൽ മരത്തൈ നാട്ടു പിടിപ്പിക്കൽ<br>* പോസ്റ്റർ മത്സരം | ജൂൺ | ഇക്കോ ക്ലബ് സയൻസ് ക്ലബ് | സയൻസ് ക്ലബ് |
| 2 | എല്ലാ കുട്ടികളിലും ശാസ്ത്ര പഠനത്തിലൂടെ മുൻ ക്ലാസ്സുകളിൽ നേടേണ്ട അടിസ്ഥാന ശേഷികൾ ഉണ്ടെന്ന് ഉറപ്പുവരുത്തുക | * പ്രീടെസ്റ്റ് ചോദ്യനിർമാണം ടെസ്റ്റ് മൂല്യനിർണയം<br>* പരിഹാര ബോധത്തിനായി പഠനഗ്രൂപ്പിംഗ് ബോധന സാമഗ്രികൾ തയ്യാറാക്കൽ ആസൂത്രണം<br>* ആശയധാരണകൾ ഉറപ്പിക്കൽ<br>* പഠന പിന്നോക്ക വസ്ഥയുള്ളവർക്ക് എക്സ്ട്രാ ഒഴിവുദിന വിനിമയം | ജൂൺ ജൂലൈ | ശാസ്ത്രാദ്ധ്യാപകർ | SRG |

| | | | | | |
|---|---|---|---|---|---|
| 3 | ശാസ്ത്രത്തിൻറെ നൂതന അറിവുകളെ അപ്ഡേറ്റ് ചെയ്യലും ശാസ്ത്രീയ മനോഭാവമുള്ളവരാക്കലും | * സയൻസ് ക്ലബ് രൂപീകരണവും വാർഷിക പ്രവർത്തന പദ്ധതി തയ്യാറാക്കലും<br>* സയൻസ് ബുള്ളറ്റിൽ ബോർഡിൻറെ കാര്യക്ഷമമായ ഉപയോഗവും<br>* വിവിധമായ ശാസ്ത്ര ക്ലാസുകൾ നിർമ്മാണം | ജൂൺ യഥാസമയങ്ങളിൽ | അധ്യാപകർ<br>SRG<br>SCIENCE CLUB | |
| 4 | കൗതുകം ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | * ലഘു പരീക്ഷണങ്ങൾ സഹപാഠിക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കുവാൻ അവസരം നൽകുന്നു<br>* മോഡലുകൾ നിർമിക്കാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു<br>* പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം | അക്കാദമിക് വർഷം | സയൻസ് അദ്ധ്യാപകർ | സയൻസ് ക്ലബ് |

| | | | | | |
|---|---|---|---|---|---|
| 5 | അന്യായമായി കൊണ്ടിരിക്കുന്ന കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ പ്രകൃതിയെ അടുത്തറിയാനുള്ള അവസരം ഒരുക്കൽ | * സ്കൂൾ ക്യാമ്പസിൽ പച്ചക്കറിത്തോട്ടം ഔഷധത്തോട്ടം<br>* ശലഭോദ്യാനം<br>* ശാസ്ത്രീയ നാമം പ്രാദേശികനാമം വർഗീകരണം മുതലായവ രേഖപ്പെടുത്തൽ വഴി പ്രകൃതി തന്നെ പാഠപുസ്തകം ആയിമാറുന്നു | ഒരു വർഷം | ശാസ്ത്രാദ്ധ്യാപകർ | കൃഷിഭവൻ |
| 6 | മാലിന്യമുക്ത ആരോഗ്യ ശുചിത്യ വിദ്യാലയത്തിലൂടെ ആരോഗ്യമുള്ള സമൂഹം | * പരിസര ശുചികരണം ശുചിത്യ ബോധവൽക്കരണം<br>* കുട്ടികൾക്കും രക്ഷിതാക്കൾക്കും ആരോഗ്യക്ലാസ്സ് വൈദ്യപരിശോധന ജീവിത ശൈലി രോഗങ്ങളുമായി ബന്ധപ്പെട്ട ക്ലാസ് | യഥാസമയങ്ങളിൽ | ശാസ്ത്രാദ്ധ്യാപകർ | ആരോഗ്യ വകുപ്പ് മുൻസിപ്പാലിറ്റി HEALTH CLUB |
| 7 | ശാസ്ത്ര പ്രവർത്തനമാണെന്ന് മനസിലാക്കാനും ശാസ്ത്രാഭിരുചി വളർത്താനും ശാസ്ത്രോത്സവം | * സ്കൂൾ ശാസ്ത്രമേള<br>* ശാസ്ത്രോപകരണ നിർമ്മാണ ശില്പശാല<br>* ലഘു പരീക്ഷണങ്ങളുടെ നിർവഹണം മോഡൽ നിർമാണം<br>* ശാസ്ത്ര ക്വിസ്സ് ശാസ്ത്ര മാജിക് കൗതുകകരമായ പരീക്ഷണങ്ങൾ | FIRST TERM<br>ഹ്രസ്യ കാലം | ശാസ്ത്രാദ്ധ്യാപകർ | STAFF FUND |

| | | | | | |
|---|---|---|---|---|---|
| 8 | ശാസ്ത്ര പഠനം രസകരമാക്കാനും ശാസ്ത്ര തല്പരതയുണർത്താനും | * ശാസ്ത്ര ദിനാചരണങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്യുക<br>* ശാസ്ത്ര പതിപ്പുകൾ കൊളാഷ് ചാർട്ടുകൾ തയ്യാറാക്കൽ<br>* ശാസ്ത്ര പഠന യാത്രകൾ [പ്ലാനറ്റോറിയം സന്ദർശനം] | യഥാസമയങ്ങളിൽ | ശാസ്ത്രാദ്ധ്യാപകർ | SRG |
| 9 | ആകാശ വിസ്മയങ്ങളും പ്രപഞ്ച സത്യങ്ങളും ഉൾകൊണ്ടുക്കൊണ്ട് ശാസ്ത്രീയ രീതിയിലുള്ള കുട്ടിയുടെ വികസനം | * വാന നിരീക്ഷണവും ക്ലാസും | ഡിസംബർ ജനുവരി | ശാസ്ത്രാദ്ധ്യാപകർ സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | |

B E M P HSS THALASSERY

അക്കാദമിക മാസർ പാൻ - ഗണിതം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികളിലും ഗണിത ശാസ്ത്രത്തിൻറ്റെ അടിസ്ഥാന ആശയങ്ങൾ എത്തിയെന്ന് ഉറപ്പുവരുത്തുക | *പ്രീ-ടെസ്റ്റ് ചോദ്യനിർമാണം,ടെസ്റ്റ്,മൂല്യനിർണയം<br>*പരിഹാര ,ബോധനത്തിനായി പഠന ഗ്രൂപ്പിങ്,ബോധനസാമഗ്രികൾ തയ്യാറാക്കൽ,ആസൂത്രണം,ആശയ ധാരണങ്ങൾ ഉറപ്പിക്കൽ | ജൂൺ<br>ജൂലൈ | ഗണിതാദ്ധ്യാപകർ | SRG |
| 2 | എല്ലാ കുട്ടികൾക്കും TLM കിറ്റ്,ക്ലാസ്സുകളിൽ 'ഗണിത കോർണർ' | *ദ്വിദിന ശില്പശാലയിലൂടെ ക്ലാസ് അടിസ്ഥാനത്തിൽ കുട്ടികളെയും രക്ഷിതാക്കളെയും ഉൾപ്പെടുത്തി പഠന സാമഗ്രികളുടെ (ഒറിഗാമി,ടാൻഗ്രാം മുതലായവ) നിർമാണം<br>*ഇത്തരം പഠന സാമഗ്രികൾ ഉൾപ്പെടുത്തി ക്ലാസ്സുകളിൽ 'ഗണിത മൂല' | 5 മാസം | ഗണിതാദ്ധ്യാപകർ | SMC,PTA<br>നഗരസഭാ |
| 3 | ഗണിത ക്ലാസ് ലൈബ്രറി വിപുലീകരിക്കൽ | *ഗണിത പുസ്തകങ്ങൾ ശേഖരിക്കൽ,ഇനം തിരിച്ച് ക്രമീകരിക്കൽ | TEAM ഒന്ന് | ഗണിതാദ്ധ്യാപകർ | SMC,PTA,SRG |
| 4 | MATHS CLUB സജീവമാക്കൽ | *ഗണിത ക്ലബ് രൂപീകരണോൽഘാടനം<br>*ഗണിത ക്വിസ്,ഗണിത സമസ്യകൾ ബുള്ളറ്റിൻ ബോർഡുകളിൽ<br>*ക്ലാസ് തല -സ്കൂൾതല ഗണിത മാഗസിനുകൾ<br>*ഗണിത ശാസ്ത്രജ്ഞരെ പരിചയപ്പെടാം (ആഴ്ചയിൽ ഓരോ ജീവചരിത്രം വീതം )<br>*ഓരോ കുട്ടിക്കും 'എൻ്റെ കുസൃതി കണക്കു പുസ്തകം' | ജൂൺ<br>ജൂലൈ<br>എല്ലായിപ്പോഴും | ഗണിതാദ്ധ്യാപകർ<br>ഗണിത ക്ലബ് | SRG |

| | | | | | |
|---|---|---|---|---|---|
| 5 | ഗണിത പഠനത്തിൽ താല്പര്യം വർദ്ധിപ്പിക്കാൻ | *ഗണിത പ്രോജെക്ടുകളുടെ അവതരണം<br>*മാഗസിനുകളുടെ പ്രകാശനം | ജനുവരി | ഗണിതാദ്ധ്യാപകർ ഗണിത ക്ലബ് | SMC,PTA നഗരസഭാ |
| 6 | പഠന നേട്ടങ്ങൾ കൂടുതൽ ഉറപ്പിക്കുന്നതിനായി വർക്ക്ബുക് | *വിവിധ നിലവാരത്തിലുള്ള കുട്ടികൾക്കായി ഒരോ യൂണിറ്റിൽ നിന്നും വർക്ഷീറ്റുകൾ തയ്യാറാക്കി വർക്ബുക്കായി നൽകുന്നു | രണ്ടാം ടേമിൽ | ഗണിതാദ്ധ്യാപകർ | SRG |
| 7 | സ്കൂളിൽ ഒരു ഗണിതപാർക്ക് | *ഗണിതാശയങ്ങൾ ,സംഖ്യബോധം ,ചതുഷ്ക്രിയകൾ എന്നിവ മനസ്സിലാക്കാനുതകുന്ന വിപുലമായ ഗണിത പാർക്ക് | ഒരു വർഷം | ഗണിതാദ്ധ്യാപകർ | SMC,PTA നഗരസഭാ |
| 8 | മുന്നാക്കക്കാരുടെ ഉന്നമനത്തിന് തുടർപ്രവർത്തനം മെച്ചപ്പെടുത്തൽ | * OMR മാതൃകയിലുള്ള ചോദ്യപേപ്പറുകൾ തയ്യാറാക്കിയുള്ള പരീക്ഷകൾ | മാസത്തിൽ രണ്ട് | ഗണിതാദ്ധ്യാപകർ | SRG |
| 9 | ICT യിലൂടെ ഗണിത പഠനം എളുപ്പമാക്കൽ | * ഗണിതത്തിലെ ICT സാധ്യകൾ (Geogebra ,DrGeo മുതലായവ പ്രയോജനപ്പെടുത്തിയുള്ള പഠനം<br>*3 D ഗണിതരൂപങ്ങളുടെ നിർമിതി<br>*കുട്ടികളുടെ സൃഷ്ടികൾ ബ്ലോഗുകളിൽ (ഉദാ:Maths blog )അപ്‌ലോഡ് ചെയ്യൽ | യഥാസമയങ്ങളിൽ | ഗണിതാദ്ധ്യാപകർ | SITC,JSITC |
| 10 | ഗണിതാദ്ധ്യാപകർ ഗണിത പഠനത്തിൽ താല്പര്യം വർദ്ധിപ്പിക്കാൻ ചുമർ ചിത്രങ്ങൾ | * ക്ലാസ്സിൽ ഒരു ചുമരിൽ ഭിന്നസംഖ്യ, ഗണിതാശയങ്ങൾ,ജ്യാമിതീയ രൂപങ്ങൾ എന്നിവ വരയ്ക്കൽ | 5 മാസം | ഗണിതാദ്ധ്യാപകർ ഗണിത ക്ലബ് | SRG,SMC,PTA |
| 11 | എല്ലാ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | * ഡൈസ് ഗെയിം,പാമ്പും കോണിയും, സംഖ്യാ ചക്രങ്ങൾ,സംഖ്യാമല തുടങ്ങിയ പ്രവർത്തനങ്ങൾ കുട്ടികൾ തയ്യാറാക്കി ഗ്രൂപ്പടിസ്ഥാനത്തിൽ നിർവഹിക്കൽ | യഥാസമയങ്ങളിൽ | കുട്ടികൾ | വിഷയ സമിതി |

| | | | | | |
|---|---|---|---|---|---|
| 12 | എല്ലാ കുട്ടികൾക്കും സംഖ്യാബോധം ഉറപ്പിക്കൽ | * Number Chart ,Number Cards,അബാക്കസ് മാന്ത്രിക ചതുരം place value pocket number pattern മുലായവയുടെ നിർമാണവും അവ ഉപയോഗിച്ചുള്ള കളികളും | യഥാസമയങ്ങളിൽ | ഗണിതാദ്ധ്യാപകർ | വിഷയ സമിതി |
| 13 | ഗണിത ലാബ് നവീകരണം | * നിർമിച്ച TLM കൾകുടി ഉപയോഗപെടുത്തിയും വിവിധ ഗണിത സോഫ്ട്‌വെയറുകൾ ഉപയോഗപെടുത്തിയും ഗണിതലാബ് സജീവമാക്കൽ<br>*ഗണിതലാബ് ഫലപ്രദമായി ഉപയോഗിക്കുന്നതെങ്ങനെയെന്ന് ഗണിത ക്ലബ് അംഗങ്ങൾക് പരിശീലനം നൽകൽ | 6 മാസം | ഗണിതാദ്ധ്യാപകർ ഗണിത ക്ലബ് | SITC,JSITC,SRG,SMC,PTA നഗരസഭാ |

ബി. ഇ. എം. പി. എച്ച്. എസ്. എസ്, തലശ്ശേരി

| മേഖല ഗണിതം (യു. പി) | | | | | |
|---|---|---|---|---|---|
| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1) | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു | **ഗണിത ശിൽപ്പശാല**<br>കളി രീതിയിലുടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.(നമ്പർ ചാർട്ട്, മഞ്ചാടികുരു) | ജൂൺ മാസം | ഗണിത അധ്യാപകർ | പി.ടി.എ. |
| 2) | രസകരമായ ഗണിതശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും | **ഒറിഗാമി ശിൽപ്പശാല**<br>ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശിലനം നൽകൽ | ജൂലൈ മാസം | ഗണിത അധ്യാപകർ | അധ്യാപകർ |
| 3) | ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | **ഗണിത ലാബ്**<br>ക്ലാസ്മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ<br>ഗണിത ക്ലാസ് നടത്തൽ | ആഗസ്ത് മാസം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ് |
| 4) | ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി ഗണിത പാർക്ക് സജ്ജമാക്കൽ | സപ്തംബർ മാസം | ഗണിത ക്ലബ്ബ് | പി.ടി.എ. |
| 5) | ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള മറ്റ് വിദ്യാലയങ്ങളിലും<br>മറ്റ് മേഖലയിലും പ്രവർത്തിക്കുന്ന അധ്യാപകരെ വെച്ച് പിന്നോക്ക് നിൽക്കുന്ന കുട്ടികൾക്ക് | ഒക്ടോബർ മാസം | പി.ടി.എ. | പി.ടി.എ. |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025–2026

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 6) | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | **ഐ. ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ടി ക്രിയകൾ ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗ പ്പെടുത്തികൊണ്ട് കുട്ടികളിലേക്ക് എത്തിക്കുന്നു. | നവംബർ മാസം | ഗണിത അധ്യാപകർ | എസ്.ആർ.ജെ. |
| 7) | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് മാർഗനിർദ്ദേശങ്ങൾ നൽകുന്നു. | ഡിസംബർ മാസം | ഗണിത അധ്യാപകർ | പി.ടി.എ. |
| 8) | വിവിധശേഷികളുടെ വികസനം | ഗണിതവുമായി ബന്ധപ്പെട്ട് ദിനാചരണം സംഘടിപ്പിക്കുന്നു. | ജനുവരി മാസം | ഗണിത അധ്യാപകർ | പി.ടി.എ. |
| 9) | ഗണിത പഠനപ്രവർത്തനങ്ങൾ സുഗഗനാക്കൽ | **ഗണിത ക്വിസ്**<br>ഗണിത ക്വിസ് സംഘടിപ്പിച്ച് കുട്ടികൾക്ക് ഗണിതപഠനം ആസ്വാദകരമാക്കാൻ മുൻകൈ എടുക്കുന്നു. | ഫെബ്രുവരി മാസം | ഗണിത അധ്യാപകർ | സ്റ്റാഫ് പണ്ട് |
| 10) | വിവിധ ശേഷികളുടെ വികസനം | **ഗണിതശാസ്ത്രഞ്ജർ**<br>ഗണിതശാസ്ത്രഞ്ജരുടെ ഒരു പുസ്തകം കുട്ടികളെ കൊണ്ട് തയ്യാറാക്കുന്നു. | മാർച്ച് മാസം | ഗണിത ക്ലബ് | പി.ടി.എ. |

## ACADEMIC MASTER PLAN 2025-26

# BEMPHSS, THALASSERY

# ENGLISH [ U P ]

| No. | Aim | Activities | Month | Responsible Person | Economic Source |
|---|---|---|---|---|---|
| 1. | • To encourage **Listening & Speaking**<br>• Introduce different genres (fiction, non fiction, poetry)<br>• Enhance Vocabulary<br>• Enhance listening skills | • Interactive story telling session discussing themes, characters and plots to enhance Listening skills<br>• Group discussion and role-plays to improve speaking skills<br>• Vocabulary games and exercise to build word knowledge | June<br>June - July<br>July | English Teacher<br>English Club<br>English Teacher | English Club |
| 2. | To encourage **Reading**<br>Develop basic reading, writing, listening and speaking skills | • Interactive reading circles<br>• Divide the class into small groups and provide age-appropriate texts such as short stories or novels. | August - October | English Teacher | |

| ACADEMIC MASTER PLAN 2025-26<br>BEMPHSS, THALASSERY<br>ENGLISH [ U P ] | | | | | |
|---|---|---|---|---|---|
| No. | Aim | Activities | Month | Responsible Person | Economic Source |
| 3. | To develop writing skill Introduce grammatical concepts such as parts od speech tenses and sentences. | • Practice for simple creative writing tasks like descriptive writing paragraphs, short stories and simple poetry | August - December | English Teacher | |
| | | • Preparing and delivering speeches. Listening to and analysing different media sources | January - February | English Teacher | |
| | | • School Mangazines | Academic Year | English Teacher | English Club |
| 4. | Expand Vocabulary through reading and interactive activities | • Interactive grammar games<br>• Word games<br>• Worksheets on parts of speech sentences etc. | July to March | English Teacher | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 2026

## ബി.ഇ.എം.പി. എച്ച്.എസ്.എസ്.തലശ്ശേരി
## മേഖല അടിസ്ഥാന ശാസ്ത്രം (യു.പി)

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| 1. | ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ♦ സ്കൂൾ പച്ചക്കറി തോട്ടം നിർമ്മിക്കൽ<br>♦ ശലഭോദ്യാനം നിർമ്മിക്കൽ<br>♦ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസ്സുകൾ<br>♦ പരീക്ഷണ കിറ്റുകൾ നിർമ്മിക്കൽ<br>♦ പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു | അക്കാദമിക് വർഷം ജൂൺ മുതൽ | ശാസ്ത്രാധ്യാപകൻ സയൻസ്ക്ലബ്<br>ശാസ്ത്രാധ്യാപകൻ സയൻസ്ക്ലബ് | പി.ടി.എ |
| 2. | ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | ♦ ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു.<br>♦ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്റ്റുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരണം<br>♦ ശാസ്ത്ര വിസ്മയ ചുമർ തയ്യാറാക്കൽ, ശാസ്ത്ര പാഠ ഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര ചുമർ ഓരോ ക്ലാസ്സിലും നിർമ്മിക്കുന്നു.<br>♦ ശാസ്ത്ര ലൈബ്രറി തയ്യാറാക്കൽ | അക്കാദമിക വർഷം<br>ആഗസ്റ്റ് സപ്തംബർ<br>ജൂൺ മുതൽ<br>ജൂൺമുതൽ | ശാസ്ത്രാധ്യാപകൻ സയൻസ്ക്ലബ്ബ്<br>ശാസ്ത്രാധ്യാപകൻ സയൻസ്ക്ലബ്ബ്<br>ശാസ്ത്രാധ്യാപകൻ<br>ശാസ്ത്രാധ്യാപകൻ | സയൻസ് ക്ലബ്ബ്<br>സയൻസ് ക്ലബ്ബ്<br>സയൻസ്ക്ലബ്ബ് |
| 3. | ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | ഐ.സി.ടി. യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകൻ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 2026

## ബി.ഇ.എം.പി. എച്ച്.എസ്.എസ്. തലശ്ശേരി

### മേഖല സാമൂഹ്യ ശാസ്ത്രം (യു.പി)

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| 1. | സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | **അങ്കത്തട്ട് – കളിയിൽ നിന്ന് കാര്യത്തിലേക്ക്** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| | | **ഓർമ്മച്ചെപ്പ്** അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ഐ.സി.ടി. സാധ്യത കളുപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2. | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | **വെർച്ചൽ ഫീൽഡ് ട്രിപ്പ്** ഐ.സി.ടി. സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 3. | ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്** ഗ്രാമസഭ, വാർഡ് സഭ, എന്നിവയിൽ മാതാപിതാക്കളോ ടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെഅടിസ്ഥാന തലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| 4. | പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതിതാണ്ഡവം: നേർക്കാഴ്ച** ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കാനും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഡെമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാ ക്കുകയും ചെയ്യുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5. | സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | **നന്മയുടെ നുറുങ്ങുവെട്ടം** വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധന സാമഗ്രികൾ ദുരന്ത ബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ. |
| 6. | വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും റോഡ് സുരക്ഷയെകുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക. | **ചിലന്തിവലയിൽ നിന്നും കുതിച്ചുചാട്ടം** സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 7. | സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തക്കുന്നു. | **പുതുചക്രവാളത്തിലേക്ക്** സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന മത്സരബുദ്ധിയോടെപൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്രക്ലബ്ബ് |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 2026

## ബി. ഇ. എം. പി. എച്ച്. എസ്. എസ്. തലശ്ശേരി


### മേഖല മലയാളം (യു. പി)

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| 1. | ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | **എന്റെ അവധിക്കാലം**<br>പഠിതാക്കൾ അവരുടെഅവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം) അനുവഭകുറിപ്പ് അവതരിപ്പിക്കുന്നു. | ജൂൺമാസം | മലയാളം അധ്യാപകർ | |
| | | **ഭാഷാകേളി** :<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു.<br><br>**വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്** :<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളു പയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ മാസം<br><br>ജൂൺ മാസം | മലയാളം അധ്യാപകർ<br><br>മലയാളം അധ്യാപകർ | |
| 2. | പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക | **വാർത്താലോകത്തേക്ക്**<br>പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു | എല്ലാദിവസവും | മലയാളം അധ്യാപകർ | |

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| | | **വാർത്താവായന :** നവമാധ്യമങ്ങളുടെസഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ ലൈബ്രറി പുസ്തകൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3. | സാഹിത്യകൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | **സംവാദം/മുഖാമുഖം :** സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു | വർത്തിൽ ഒരു പ്രാവശ്യം | ഹെഡ്മിസ്ട്രസ്സ് മലയാളം അധ്യാപകർ | പി.ടി.എ |
| 4. | മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും | **ഇ – കമ്പ്യൂട്ടറിംഗ്:** മുഴുവൻ കുട്ടികളെയുംമലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു<br><br>മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | രണ്ട് വർഷം<br><br>വർഷാവസാനം | മലയാളം ഐ.ടി. അധ്യാപകർ<br><br>മലയാളം അധ്യാപകർ | മലയാളം ക്ലബ്ബ് |

# <u>നിർവഹണ ചുമതല</u>

- ദീപലില്ലി സ്റ്റാൻലി – ഹെഡ്മിസ്ട്രസ്
- പ്രസീന തയ്യിൽ
- ഹബീബ് ടി. പി
- സോഫിയ . ടി
- ഷീനമേരി. പി
- അനിത ജോയ്സ്
- ബിനിത. വി. ജെ
- നീന ഹെപ്സിബ
- ഡയാന ജാക്വിലിൻ
- മുരളി മാധവ് ഭട്ട്
- ടെൽമ റോസിലി
- അഞ്ജലി ആനന്ദ്
- ആതിര ജയരാജ്


BEMP
BEMP H.S.S
THALASSERY